"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പ്രോഗ്രാമർമാരുടെ കരാർ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**1090/2025/TAXES** തീയതി,തിരുവനന്തപുരം, **19-12-2025**

---

പരാമർശം:- 1. **10.01.2023**-ലെ സ.ഉ.(സാധാ) നം.**17/2023**/ടാക്സസ്

2. **30.10.2024**-ലെ സ.ഉ.(സാധാ) നം.**967/2024**/ടാക്സസ്

3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **09.10.2025**-ലെ **SLTY/4002/2025-IT SD4** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഉപയോഗിച്ചുവരുന്ന **LOTIS (Web application), Bhagya Keralam (mobile application), www.lotteryagent.kerala.gov.in (web portal)** എന്നിവയുടെ പരിപാലനത്തിനായി പ്രോഗ്രാമർമാരെ (സീനിയർ പ്രോഗ്രാമർ - 1, പ്രോഗ്രാമർ - 2, പ്രോഗ്രാമർ കം മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പർ - 1) നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2. ഒരു വർഷത്തെ കരാർ കാലാവധി പൂർത്തിയായതിനെത്തുടർന്ന്, ആ സമയത്ത് വകുപ്പിൽ സേവനമനുഷ്ഠിച്ചിരുന്ന 3 പ്രോഗ്രാമർമാരുടെ (സീനിയർ പ്രോഗ്രാമർ - 1, പ്രോഗ്രാമർ - 1, പ്രോഗ്രാമർ കം മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പർ - 1) സേവന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇവരുടെ കരാർ കാലാവധി 31.10.2025-ന് അവസാനിക്കുകയാണെന്നും വകുപ്പിൽ സേവനത്തിൽ തുടരുന്നതിന് നിലവിൽ ടി തസ്തികയിൽ തുടരുന്ന മൂന്നുപേരും സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും ഒപ്പം വേതന വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിനാൽ നിലവിൽ അനുവദിച്ച് വരുന്ന വേതനത്തിൽ 10% വർദ്ധനവ് നല്കി ടി ആളുകളെ ടി തസ്തികകളിൽ 01.11.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഇക്കാര്യം ശിപാർശ ചെയ്യുന്ന വകുപ്പുതല സാങ്കേതിക സമിതിയുടെ നടപടിക്കുറിപ്പും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള വേതന വ്യവസ്ഥയിൽ സീനിയർ പ്രോഗ്രാമർ, പ്രോഗ്രാമർ, പ്രോഗ്രാമർ-കം- മൊബൈൽ

ഡെവലപ്പർ എന്നീ താല്ക്കാലിക തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന കരാർ ജീവനക്കാരുടെ കരാർ കാലാവധി **01.11.2025** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (**06.11.2025**-ലെ **2602127/Exp.B1/550/2023-Fin** പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (**TAXES-H1/330/2025-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 19-12-2025 11:58:08
സെക്ഷൻ ഓഫീസർ